# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 17          03.02.2020 ൽ മറുപടിക്ക്

### <u>നവോത്ഥാന സംരക്ഷണസമിതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവോത്ഥാന ആശയങ്ങളോട് യോജിക്കുന്ന എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി സർക്കാർ നവോത്ഥാന സംരക്ഷണസമിതി രൂപീകരിച്ചിരുന്നോ; | (എ) | കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിയ്ക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയും ഉൾപ്പെടുത്തി നവോത്ഥാനമൂല്യ സംരക്ഷണസമിതി രൂപീകരിച്ചിരുന്നു. |
| (ബി) | പ്രസ്തുത സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നു വിശദമാക്കാമോ ; | (ബി), (സി) & (ഡി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകത സംബന്ധിച്ച് കേരളീയ പൊതു സമൂഹത്തിൽ ഒരു അവബോധം വളർത്തിയെടുക്കുവാൻ സമിതിയുടെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിയ്ക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയുമാണ് സമിതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് ഇതിനകം തന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നല്ല സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനം എന്നത് ഒരു നിരന്തര പ്രക്രിയയാണ്. സാമൂഹ്യമായ ഉച്ച നീചത്വങ്ങൾ നിലനിൽക്കുന്ന കാലം വരെ, നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് പ്രാധാന്യം ഉണ്ട്. |
| (സി) | പ്രസ്തുത സമിതി വിപുലീകരിച്ചിട്ടുണ്ടോ; നിലവിൽ എത്ര സംഘടനകൾ അതിൽ അംഗങ്ങളാണെന്ന് അറിയിക്കുമോ; | | |
| (ഡി) | പ്രസ്തുത സമിതിയുടെ പ്രവർത്തനം മൂലം സംസ്ഥാനത്തെ നവോത്ഥാനമൂല്യങ്ങൾക്ക് സംഭവിച്ച കോട്ടം തീർക്കുവാൻ സാധിച്ചുവെന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ